## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *225** — **05/05/2017 ൽ മറുപടിയ്ക്ക്**

### തോട്ടണ്ടി ക്ഷാമം പരിഹരിക്കാനായി കശുമാവ് കൃഷി വ്യാപനം

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.ആർ.രാജേഷ്**
**ശ്രീ.രാജു എബ്രഹാം**
**ശ്രീ.എൻ.വിജയൻപിള്ള**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി സംസ്കരണ വ്യവസായം നേരിടുന്ന തോട്ടണ്ടി ക്ഷാമം പരിഹരിക്കാനായി വിദേശത്തുനിന്ന് ഇറക്കുമതിക്കുള്ള ശ്രമം വിജയിച്ചുവോ ; മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തോട്ടണ്ടി ലഭ്യമാകുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം ഏകദേശം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമായി വരുന്നത്. എന്നാൽ ആഭ്യന്തര ഉല്പാദനം വെറും 80000 മെട്രിക് ടൺ മാത്രമാണ്. കേരളത്തിലെ കശുവണ്ടി വ്യവസായം നിലനിന്നു പോകുന്നത് വിദേശ തോട്ടണ്ടിയുടെ ഇറക്കുമതിയിലൂടെയാണ്. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് വിദേശ തോട്ടണ്ടി ഇറക്കുമതി ചെയ്തു വരുന്നത്. ബിഡർമാരുടെ പങ്കാളിത്തത്തിൽ ഉണ്ടാകുന്ന കുറവ്, ഉദ്ദേശിച്ച നിലവാരമുള്ള തോട്ടണ്ടിയുടെ ദൗർലഭ്യം, കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഉയർന്ന ഇറക്കുമതി ചുങ്കം കാരണം തോട്ടണ്ടിക്ക് നൽകേണ്ടി വരുന്ന ഉയർന്ന വില, തോട്ടണ്ടി വ്യവസായികൾ തമ്മിലുള്ള കിടമത്സരം മുതലായ കാരണങ്ങളാൽ വിദേശത്തു നിന്നുള്ള തോട്ടണ്ടി ഇറക്കുമതി പലപ്പോഴും വിജയിക്കാറില്ല. വ്യവസായത്തിനായി ആവശ്യം വരുന്ന തോട്ടണ്ടി ലഭ്യമാക്കുന്നതിനായും ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായും ഒരു സ്പെഷ്യൽ പർപ്പസ് എന്ന നിലയ്ക്ക് കാഷ്യൂ ബോർഡ് |

| | | | |
|---|---|---|---|
| | | | രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാകുന്നില്ല. |
| (ബി) | തോട്ടണ്ടി ലഭ്യതയുറപ്പാക്കാനായി കശുമാവ് കൃഷി വികസന ഏജൻസിയുടെ പ്രവർത്തനം വഴി സംസ്ഥാനത്ത് കൃഷിവ്യാപനം സാദ്ധ്യമായിട്ടുണ്ടോ ; | (ബി) | ഉണ്ട്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദന കുറവ് കേരളത്തിലെ കശുവണ്ടി വ്യവസായത്തെ വളരെ പ്രതികൂലമായി ബാധിച്ച അവസ്ഥയിൽ 2007 ൽ അന്നത്തെ ഗവൺമെന്റ് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്ന പേരിൽ ഒരു ഏജൻസി രൂപീകരിച്ച് കശുമാവ് കൃഷി വ്യാപനത്തിനായി വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട്. ടി ഏജൻസിയുടെ പ്രവർത്തനത്തിന്റേയും കൂടി ഭാഗമായി സംസ്ഥാനത്ത് ഇപ്പോൾ 87010 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ തയ്യാറാകുന്ന കർഷകർക്കും സഹായങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |
| (സി) | കശുമാവ് കൃഷിക്കായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; | (സി) | 2017-18 വർഷത്തേക്ക് മൂന്ന് തരം സ്കീമുകളാണ് കശുമാവ് കൃഷി വ്യാപനത്തിനായി ഉദ്ദേശിക്കുന്നത്.<br>1. കശുമാവ് പുതുകൃഷി - എന്ന സ്കീമിൽ താല്പര്യമുള്ള കർഷകർക്ക് അപേക്ഷ പ്രകാരം ഏക്കർ ഒന്നിന് 80 ഗ്രാഫ്റ്റ് തൈകൾ നൽകും. രണ്ട് വർഷം കഴിഞ്ഞ് ആരോഗ്യത്തോടെ നിലനിൽക്കുന്ന മരം ഒന്നിന് 60 രൂപ നിരക്കിൽ സബ്സിഡി നൽകും. ഇതിന് അപേക്ഷിക്കാനുള്ള ഫോറം ഏജൻസിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.<br>2.കശുമാവ് തോട്ടം സ്കീം - 2 ഹെക്ടറോ അതിലധികമോ ഉള്ള സ്ഥാപനങ്ങളോ / വ്യക്തികളോ കശുമാവ് കൃഷിയ്ക്ക് താല്പര്യപ്പെടുകയാണെങ്കിൽ അവർക്ക് ഗ്രാഫ്റ്റ് തൈകളും അതിനുപുറമെ നിലം ഒരുക്കാനായി ഹെക്ടറിന് 12000 രൂപയും നൽകുന്നതാണ് ഈ പദ്ധതി.<br>3. മുറ്റത്തൊരു കശുമാവ് സ്കീം - സ്കൂൾ വിദ്യാർത്ഥികൾ, റസിഡന്റ്സ് അസോസി |

| | | | |
|---|---|---|---|
| | | | യേഷനുകൾ, കശുവണ്ടി തൊഴിലാളികൾ , മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർക്ക് കശുമാവ് കൃഷിയെക്കുറിച്ചുള്ള അവബോധവും താല്പര്യവും ഉണ്ടാക്കാനുള്ളതാണ് ഈ പ്രോജക്റ്റ്. ഇത് പ്രകാരം തൈകൾ ബന്ധപ്പെട്ട സ്ഥാപനത്തിലെത്തിച്ച് വിതരണം നടത്തുന്നു.<br>2017-18 ലെ ബഡ്ജറ്റിൽ ജൈവകശുവണ്ടി കൃഷിയ്ക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും 6 ½ കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സാമൂഹ്യ വനവൽക്കരണത്തിന്റെ പേരിൽ വച്ചു പിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള പരിസ്ഥിതിക്ക് വിനാശകാരിയായ മരങ്ങൾ മുറിച്ചുമാറ്റി അവിടങ്ങളിൽ കശുമാവ് കൃഷി ആരംഭിക്കാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടിയെടുക്കാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ ? | (ഡി) | ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പരിസ്ഥിതിക്ക് വിനാശകാരിയായ അക്കേഷ്യ പോലുള്ള മരങ്ങൾ മുറിച്ചു മാറ്റി കശുമാവ് കൃഷി ചെയ്യുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ